## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 626 — 11.12..2012 ലെ മറുപടിയ്ക്ക്

## അന്യസംസ്ഥാന ലോട്ടറി വില്പന

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ. പാലോട് രവി
ശ്രീ. വി.പി. സജീന്ദ്രൻ
ശ്രീ. പി.സി. വിഷ്ണുനാഥ്

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| ക്രമ നമ്പർ | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറി വില്പന നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരള ഗവൺമെന്റിന്റെ നിരന്തരമായ സമ്മർദ്ദം മൂലം ഇന്ത്യ ഗവൺമെന്റ് GSR No. 883 (B) Dated- 15.12.2011 പ്രകാരം സിക്കീം ലോട്ടറിയ്ക്ക് രണ്ട് വർഷ കാലത്തേയ്ക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിരോധനം സ്ഥിരപ്പെടുത്തുവാൻ ബഹുമാനപ്പെട്ട കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂട്ടാൻ സർക്കാരിന്റെ ലോട്ടറി ഇൻഡ്യയിൽ വിൽപ്പന നടത്തുവാനുള്ള കരാറും റദ്ദ് ചെയ്തിട്ടുണ്ട്. 2005 ലെ കേരള ഗെയിമിംഗ് ആക്റ്റ് പ്രകാരം ഓൺ ലൈൻ ലോട്ടറികൾ നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നതിന് യാതൊരു അനുവാദവും നൽകിയിട്ടില്ല. |
| (ബി) | നിയമ ലംഘനം നടത്തുകയാണെങ്കിൽ നിലവിൽ ഇവയ്ക്കെതിരെ കേസ്സെടുക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലനിൽക്കുന്നുണ്ടോ ; | (ബി) & (സി) | കേന്ദ്ര ലോട്ടറി റഗുലേഷൻ ആക്ട്, IPC എന്നിവ അനുസരിച്ച് നിയമലംഘനം നടത്തുന്നവർക്കെതിരെ കേസ് എടുക്കുന്നതിന് പോലീസിന് അധികാരമുണ്ട്. എന്നാൽ 04.11.2009 ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം ലോട്ടറി (റഗുലേഷൻ) ആക്റ്റ് 1998,IPC എന്നിവ അനുസരിച്ച് നിയമലംഘനം നടത്തുന്നവർക്കെതിരെ പ്രസ്തുത നിയമങ്ങൾ അനുസരിച്ച് FIR രജിസ്റ്റർ ചെയ്യുന്നതിനും അന്വേഷണം നടത്തുന്നതിനും അധികാരമുള്ള കോടതിയുടെ അനുമതിയോടെ കുറ്റാരോപിതരായവരെ അറസ്റ്റ് ചെയ്യുവാനും വിൽപ്പന കേന്ദ്ര |
| (സി) | പ്രസ്തുത നിയമ തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | ങ്ങൾ സെർച്ച് ചെയ്യുവാനും വ്യാജ ലോട്ടറി ടിക്ക<br>റ്റുകൾ കണ്ടുകെട്ടുവാനും അധികാരമുണ്ട്.<br>കേന്ദ്ര ലോട്ടറി റെഗുലേഷൻ ആക്റ്റ് 1998<br>ലെ സെക്ഷൻ 7,8 എന്നിവ പ്രകാരം നിയമ<br>ലംഘനം നടത്തുന്നത് ജാമ്യം<br>അനുവദനീയമല്ലാത്ത കുറ്റകൃത്യമാണ്. അതി<br>നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ<br>ടി വിധി കൂടുതൽ ക്ലാരിഫൈ ചെയ്യുന്നതിനായി<br>അപേക്ഷ നൽകിയിട്ടുണ്ട്. കേരള ഗെയിമിംഗ്<br>ആക്റ്റ് പ്രകാരം ഓൺലൈൻ ലോട്ടറികൾക്കെ<br>തിരെ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളിൽ<br>ജാമ്യം അനുവദനീയമല്ല. അതിനാൽ പ്രസ്തുത<br>നിയമം അനുസരിച്ച് നടപടികൾ സ്വീകരിക്കുന്ന<br>തിന് തടസ്സമില്ല. |
| | | | |

സെക്ഷൻ ഓഫീസർ.